

കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം

# ജൂൺ 2019

## പ്രൈസസ് വിഭാഗം

സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് തിരുവനന്തപുരം

കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017.  നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോൺ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോൺ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ അന്യ സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

2004 മുതൽ വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളീകരിക്കുന്നതിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് പ്രൈസ് ബുള്ളററിൻ എന്ന പ്രസിദ്ധീകരണം മലയാളീകരിക്കൽ. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി "കേരള പൊതുവിപണി വില അവലോകനം" എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും,, വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ റിപ്പോർട്ടുകളിൽ നിന്നും വകുപ്പിന്റെ ഇൻവെസ്റ്റിഗേററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഒപ്പ്)

തിരുവനന്തപുരം — വി. രാമചന്ദ്രൻ

19-07-2019 — ഡയറക്ടർ ജനറൽ

## ആമുഖം

ജൂൺ ആദ്യവാരത്തിൽ കേരളത്തിൽ തെക്കു പടിഞ്ഞാറൻ കാലവർഷം എത്തിയെങ്കിലും വളരെ ദുർബലമായ കാലവർഷമാണ് ജൂൺ മാസത്തിൽ അനുഭവപ്പെട്ടത്. കാലാവസ്ഥ വകുപ്പിന്റെ റിപ്പോർട്ട് അനുസരിച്ചു ജൂൺ 1 മുതൽ 30 വരെയുള്ള കാലയളവിൽ കേരളത്തിൽ മൊത്തം 48% മഴയുടെ കുറവ് കാണിക്കുന്നു . മഴക്കുറവിന്റെ തോത് ഏറ്റവും കൂടുതൽ ബാധിച്ചത് വയനാട് ജില്ലയെയാണ് 65%. ഏറ്റവും കുറവ് ബാധിച്ചത് തിരുവനന്തപുരം ജില്ലയിലും 20%. ജൂൺ മാസത്തിൽ ഇന്ത്യയിൽ മൊത്തം 33 % മഴയുടെ കുറവുണ്ടായതായാണ് കാലാവസ്ഥ നിരീക്ഷണകേന്ദ്രത്തിന്റെ റിപ്പോർട്ട്. ജൂൺ ആദ്യവാരം രൂപപ്പെട്ട വായു ചുഴലിക്കാറ്റിന്റെ പ്രഭാവം മഴയെ ബാധിച്ചെന്നാണ് റിപ്പോർട്ട് ഇത് മൂലം മധ്യേന്ത്യയിൽ കൂടുതലായി മഴ ലഭിക്കുകയും ദക്ഷിണേന്ത്യയിൽ മഴ കുറയുകയും ചെയ്തു. മിക്കവാറും എല്ലായിടത്തും കാർഷിക പ്രവർത്തികൾ ആരംഭിക്കുന്ന മാസമാണ് ജൂൺ. എന്നാൽ മഴയുടെ കുറവ് കാരണം പലയിടത്തും വിത്ത് വിതയ്ക്കുന്നത് വൈകുന്നതായാണ് റിപ്പോർട്ടുകൾ.

ഇന്ത്യയിൽ മൊത്തം റിസർവോയറുകളിലും സംഭരണശേഷിയുടെ വളരെ ചെറിയൊരു ശതമാനം വെള്ളം മാത്രമേ ഉള്ളു എന്നാണ് കേന്ദ്ര ജല കമ്മീഷന്റെ റിപ്പോർട്ട്. മൊത്തം വിശകലനം ചെയ്യുമ്പോൾ കൃഷിക്ക് അനുയോജ്യമായ കാലാവസ്ഥ അല്ല ജൂണിൽ ഉണ്ടായിരിക്കുന്നത് എന്ന് പറയേണ്ടി വരും. ജൂലൈ അവസാനത്തോടെ ഇതിനു മാറ്റം വരുമെന്നാണ് കർഷകർ പ്രതീക്ഷിക്കുന്നത്.

കേരളത്തിൽ പ്രളയനാന്തരം മണ്ണിന്റെ ഘടനയ്ക്ക് മാറ്റം വരികയും ഭൂഗർഭ ജലത്തിന്റെ അളവ് കുറയുകയും ചെയ്തിട്ടുണ്ടെന്നാണ് റിപ്പോർട്ട്. കാര്യമായ മഴ ലഭിച്ചില്ലെങ്കിൽ കടുത്ത വരൾച്ചയായിരിക്കും ഫലം.

വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനു കാർഷിക വിളകളുടെ സംഭരണം ശക്തമാക്കുകയും കൂടുതൽ ശീതീകരണ സംഭരണ ശാലകൾ സ്ഥാപിക്കുകയും ചെയ്യേണ്ടുന്നതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

വൈകി എത്തിയ കാലവർഷവും കടുത്ത വരൾച്ചയും ജല ദൗർലഭ്യവും കാരണം ഖാരിഫ് സീസണിലെ വിത്ത് വിതയ്ക്കൽ വളരെ പതുക്കെയാണ് പുരോഗമിക്കുന്നത്. കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം നെല്ല് ,പയർ വർഗ്ഗങ്ങൾ എന്നിവയുടെ കാർഷിക വിസ്തൃതിയിൽ യഥാക്രമം 16%,19% കുറവ് കാണിക്കുന്നു.

2018-19 സീസണിലെ പ്രധാന കാർഷിക വിളകളുടെ മൂന്നാമത്തെ അഡ്വാൻസ് എസ്റ്റിമേറ്റ് കേന്ദ്ര കാർഷിക മന്ത്രാലയം പുറത്തുവിട്ടു. ഇതിൽ നെല്ല്, ഗോതമ്പ് എന്നിവ റെക്കോർഡ് ഉത്പാദനമാണ് കാണിക്കുന്നത്.നെല്ല് 115.63 മില്യൺ ടണ്ണിന്റെ ഉത്പാദനം കാണിക്കുന്നു .ഇത് കഴിഞ്ഞ വർഷത്തേക്കാൾ 2.87 മില്യൺ ടൺ കൂടുതലാണ്.എന്നാൽ പ്രധാനപ്പെട്ട പയർ വർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ റിപ്പോർട്ടിൽ ചെറിയൊരു കുറവ് പ്രതീക്ഷിക്കുന്നു.

ഹോർട്ടികൾച്ചർ വിളകളുടെ രണ്ടാമത്തെ അഡ്വാൻസ് എസ്റ്റിമേറ്റ് കേന്ദ്ര കൃഷി മന്ത്രാലയം പുറത്തിറക്കി ഇത് പ്രകാരം പഴം,പച്ചക്കറി സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയുടെ ഉല്പാദനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധനവ് കാണിക്കുന്നു .എന്നാൽ തേങ്ങ ഉൾപ്പെടെയുള്ള തോട്ടവിളകളുടെ ഉല്പാദനത്തിൽ കുറവ് കാണിക്കുന്നു.

ഈ എസ്റ്റിമേറ്റുകളുടെ പൊതു സ്ഥിതി പരിശോധിച്ചാൽ അരിയുടെ കാര്യത്തിൽ പൊതുവെ ഈ വർഷം ഉത്കണ്ഠപ്പെടാനുള്ള സാഹചര്യം കാണുന്നില്ല.കേരളത്തിൽ ഈ വർഷം റെക്കോർഡ് നെല്ല് ഉല്പാദനവും റെക്കോർഡ് സംഭരണവുമാണ് നടന്നത്. ആഗസ്തോടുകൂടി മഴയിൽ കാര്യമായ വർദ്ധനവ് ഉണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. അങ്ങിനെയാണെങ്കിൽ ഖാരിഫ് സീസണിൽ ഉല്പാദനത്തിൽ കുറവ് വരാനിടയില്ല അതെ സമയം കാര്യമായ വരൾച്ച അനുഭവപ്പെടുകയാണെങ്കിൽ 2020 ൽ രൂക്ഷമായ വിലക്കയറ്റമാവും ഉണ്ടാവുക.

സപ്ലൈകോയുടെ നെല്ല് സംഭരണം ഏതാണ്ട് 7 ലക്ഷം ടണ്ണോളം എത്തിയിട്ടുണ്ട് ഇത് ഒരു റെക്കോർഡ് സംഭരണമാണ് സർക്കാരിനെ സംബന്ധിച്ചിടത്തോളം ഇതൊരു അഭിമാനകരമായ കാര്യമാണ്. എഫ് സി ഐ യുടെ നെല്ല് സംഭരണം ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് പ്രകാരം 652 ലക്ഷം മെട്രിക് ടൺ എത്തിയിട്ടുണ്ട്. സെൻട്രൽ പൂളിൽ 275.81 ലക്ഷം മെട്രിക് ടൺ അരി നീക്കിയിരിപ്പുണ്ട്.

അതെ സമയം കഴിഞ്ഞ ഖാരിഫ് സീസണിലും റാബി സീസണിലും പയർ വർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ കുറവാണു റിപ്പോർട്ട് ചെയ്തത് ഇത് വരും മാസങ്ങളിലെ വിലയെ സ്വാധീനിച്ചേക്കാം.ഇത് മറികടക്കുന്നതിനായി പയർ വർഗ്ഗങ്ങളുടെ ഇറക്കുമതി പരിധി വർദ്ധിപ്പിക്കാൻ സാധ്യതയുണ്ട്.

ജൂൺ മാസത്തിൽ പൊതുവെ പച്ചക്കറി,പയർ വർഗ്ഗങ്ങളുടെ വിലയിൽ പൊതുവെ ഒരു വിലക്കയറ്റം കണ്ടെങ്കിലും മാസാവസാനം വില കുറയുവാനുള്ള ഒരു പ്രവണത കാണിച്ചു സവാള,ഉള്ളി ,തക്കാളി, ബീൻസ് തുടങ്ങി പ്രധാനപ്പെട്ട പച്ചക്കറി ഇനങ്ങളിലെല്ലാം മാസാവസാനം അലപം വില കുറവ് കാണപ്പെട്ടു.

## I. ധാന്യങ്ങൾ

പ്രളയത്തെ അതിജീവിച്ചുകൊണ്ട് കേരളത്തിൽ ഏറ്റവും കൂടുതൽ നെല്ല് ഉല്പാദനവും സംഭരണവും നടന്നൊരു കാലഘട്ടമാണ് നിലവിലുള്ളത്. സപ്ലൈകോയുടെ നേതൃത്വത്തിൽ ഏതാണ്ട് 7 ലക്ഷം ടൺ എന്ന റെക്കോർഡ് നെല്ല് സംഭരണമാണ് ഈ സീസണിൽ നടന്നത്. പൊതു വിപണിയിലും എഫ് സി ഐ ഗോഡൗണുകളിലും ആവശ്യത്തിന് അരിയുടെ നീക്കിയിരുപ്പ് ഉണ്ടെന്നാണ് റിപ്പോർട്ട്. .

മഴയുടെ കുറവ് കാരണം കേരളത്തിൽ ഒന്നാം വിളയിൽ കാർഷിക വിസ്തൃതിയിൽ നിലവിൽ കാര്യമായ കുറവുണ്ടായിട്ടുണ്ടെന്നാണ് റിപ്പോർട്ട് .

കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ മൂന്നാം എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 2018 -19 സീസണിൽ 115 മില്യൺ മെട്രിക് ടൺ എന്ന റെക്കോർഡ് ഉത്പാദനമാണ് സൂചിപ്പിക്കുന്നത് അതെ സമയം 2019 -20 ൽ ഉല്പാദനത്തിൽ ചെറിയൊരു കുറവ് പ്രതീക്ഷിക്കുന്നു. 112 മില്യൺ മെട്രിക് ടൺ നെല്ല് ഉത്പാദനം ഉണ്ടാവുമെന്നു അമേരിക്കൻ കാർഷിക മന്ത്രാലയത്തിന്റെ റിപ്പോർട്ട് പ്രവചിക്കുന്നു.

അവലോകനമാസമായ ജൂണിൽ അരിയുടെ വില ഏതാണ്ട് സ്ഥിരമായി നിലകൊണ്ടു വരും മാസങ്ങളിലും വർദ്ധനവിനുള്ള സാഹചര്യം നിലവിലില്ല

| നം | ഇനങ്ങൾ | അളവ് | ജൂൺ 2018 | മെയ് 2019 | ജൂൺ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | **41.09** | **37.46** | **37.83** | **0.99** | **-7.93** |
| 2 | ചമ്പ | കിലോഗ്രാം | **44.00** | **40.20** | **40.00** | **-0.50** | **-9.09** |
| 3 | റോസ് | കിലോഗ്രാം | **40.96** | **38.27** | **38.54** | **0.71** | **-5.91** |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | **36.50** | **36.64** | **36.69** | **0.14** | **0.52** |
| 5 | ജയ | കിലോഗ്രാം | **37.42** | **35.79** | **35.63** | **-0.47** | **-4.79** |
| 6 | ഗോതമ്പ് | കിലോഗ്രാം | **32.06** | **34.63** | **34.98** | **1.01** | **9.11** |



## II. പയർ വർഗ്ഗങ്ങൾ

പയർ വർഗ്ഗങ്ങളിൽ അവലോകനമാസമായ ജൂണിൽ മിക്ക ഇനങ്ങൾക്കും നേരിയൊരു വർദ്ധനവ് തുടർന്നു. ചെറുപയർ ,ഉഴുന്ന്, തുവരപ്പരിപ്പ് എന്നിവയുടെ വിലയിൽ നേരിയൊരു വിലക്കയറ്റം ദൃശ്യമായിരുന്നു.കടലയുടെ വില കുറയുവാനുള്ള പ്രവണത കാണിച്ചു

2018 -19 ഖാരിഫ്, റാബി സീസണുകളിലെ പയർ വർഗ്ഗങ്ങളുടെ ഉല്പാദനക്കുറവും, കാർഷിക വിസ്തൃതിയിലെ നിലവിലുള്ള കുറവും പരിഗണിച്ചു ഇറക്കുമതി വർദ്ധിപ്പിക്കാനുള്ള സാധ്യത ഉണ്ട്. വില വർദ്ധനവിനുള്ള സാഹചര്യം കണക്കിലെടുത്തു തുവരപ്പരിപ്പിന്റെ ഇറക്കുമതി പരിധി 2 ലക്ഷത്തിൽ നിന്നും 4 ലക്ഷമാക്കി ഉയർത്തിയിട്ടുണ്ട്. ഇത് വിപണിയിൽ എത്തുന്നതോടെ വില കുറയുവാനുള്ള സാഹചര്യമുണ്ട്.

കേരളത്തിൽ സപ്ലൈകോ വഴിയും മാവേലി സ്റ്റോറുകൾ വഴിയും കുറഞ്ഞ വിലക്ക് പയർ വർഗ്ഗങ്ങൾ നൽകുന്നത് വിലക്കയറ്റത്തെ തടഞ്ഞു നിർത്തുന്നതിൽ കാര്യമായ പങ്ക് വഹിക്കുന്നുണ്ട്.

| നം | ഇനങ്ങൾ | അളവ് | ജൂൺ 2018 | മെയ് 2019 | ജൂൺ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 90.21 | 91.43 | 93.30 | 2.05 | 3.43 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 90.94 | 93.97 | 95.98 | 2.14 | 5.54 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 84.58 | 93.08 | 95.00 | 2.06 | 12.32 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 79.89 | 88.96 | 92.27 | 3.72 | 15.50 |
| 5 | വൻപയർ | കിലോഗ്രാം | 69.06 | 71.00 | 71.07 | 0.10 | 2.91 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 81.83 | 95.39 | 97.86 | 2.59 | 19.59 |
| 7 | കടല(വലുത്) | കിലോഗ്രാം | 70.34 | 76.67 | 76.00 | -0.87 | 8.05 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 61.88 | 71.95 | 72.22 | 0.38 | 16.71 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 47.53 | 67.45 | 68.33 | 1.30 | 43.76 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 69.82 | 72.12 | 72.23 | 0.15 | 3.46 |



## III . മററ് ഭക്ഷ്യ വസ്തുക്കൾ

കോഴിമുട്ടയുടെ വിലയിൽ അവലോകന മാസമായ ജൂൺ പകുതിവരെ വില വർദ്ധനവ് തുടർന്നെങ്കിലും പിന്നീട് വിലകുറവ് ദൃശ്യമായി ജൂലൈ മാസത്തിലും വില കുറയുവാനാണ് സാധ്യതയെന്നാണ് വിപണിയിൽ നിന്നുള്ള സൂചന. ഇറച്ചിക്കോഴിയുടെ വിലയിൽ ജൂൺ മാസത്തിന്റെ ആദ്യ ആഴ്ചകളിൽ തന്നെ വിലക്കുറവ് ദൃശ്യമായിരുന്നു ജൂലൈ മാസത്തോടെ വില 100 രൂപയിൽ താഴെ എത്താൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം.

ഏപ്രിൽ മുതൽ ജൂൺ വരയുള്ള കാലഘട്ടത്തിൽ തേയിലയുടെ ഉല്പാദനത്തിൽ കേരളത്തിൽ 38 ശതമാനം കുറവുണ്ടായതായാണ് റിപ്പോർട്ട് അതെ സമയം വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ ഉത്പാദനം കുടിയതായാണ് റിപ്പോർട്ട് .

കരിമ്പ് കൃഷിയിൽ റെക്കോർഡ് ഉത്പാദനമാണ് 2018 -19 സീസണിൽ റിപ്പോർട്ട് ചെയ്യുന്നത് അതെ സമയം 2019 -20 സീസണിൽ ഉല്പാദനത്തിൽ കുറവുണ്ടാവുമെന്നാണ് പ്രവചിക്കുന്നത്

| നം | ഇനങ്ങൾ | അളവ് | ജൂൺ 2018 | മെയ് 2019 | ജൂൺ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 36.46 | 38.07 | 38.02 | -0.13 | 4.28 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 151.38 | 153.75 | 155.38 | 1.06 | 2.64 |
| 3 | ശർക്കര | കിലോഗ്രാം | 53.13 | 52.57 | 51.50 | -2.04 | -3.07 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 58.57 | 54.56 | 57.37 | 5.15 | -2.05 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 535.29 | 568.14 | 570.54 | 0.42 | 6.59 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 123.03 | 123.66 | 126.87 | 2.60 | 3.12 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 148.07 | 147.50 | 147.50 | 0.00 | -0.38 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 161.62 | 161.62 | 161.71 | 0.06 | 0.06 |



## IV. എണ്ണയും ഏണ്ണക്കുരുക്കളും

തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ അവലോകന മാസത്തിലും കുറവ് അനുഭവപ്പെട്ടു.ജൂലൈ മാസത്തിലും ഈ വിലക്കുറവ് തുടരാനാണ് സാധ്യതയെന്നാണ് വിപണിയിൽ നിന്നുള്ള സൂചന.മറ്റ് എണ്ണ ഇനങ്ങളുടെ വില ഏതാണ്ട് സ്ഥിരമായി നിലകൊണ്ടു

കേരളത്തിൽ തേങ്ങയുടെ ഉത്പാദനം കുറഞ്ഞെങ്കിലും തമിഴ്നാട്,കർണാടക സംസ്ഥാനങ്ങളിൽ ഉത്പാദനം വർദ്ധിച്ചതായാണ് റിപ്പോർട്ട് ഇതോടൊപ്പം ലക്ഷദ്വീപ് , മാലിദ്വീപ് എന്നിവിടങ്ങളിൽ നിന്നും തേങ്ങയും ഇന്തോനേഷ്യ ,മലേഷ്യ എന്നിവിടങ്ങളിൽ നിന്നും കൊപ്രയും കുറഞ്ഞ വിലയിൽ എത്തുന്നതുകൊണ്ടാണ് തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലക്കുറവിനു കാരണമെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം .

തേങ്ങയുടെ വിലക്കുറവ് പിടിച്ചു നിർത്തുന്നതിനായി താങ്ങുവില പ്രഖ്യാപിച്ചുകൊണ്ട് പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത് തേങ്ങയുടെ വിലക്കുറവ് ഒരു പരിധി വരെ പിടിച്ചു നിർത്താൻ ഉപകരിക്കും

| നം | ഇനങ്ങൾ | അളവ് | ജൂൺ 2018 | മെയ് 2019 | ജൂൺ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | **210.47** | **177.66** | **170.86** | **-3.83** | **-18.82** |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | **147.00** | **157.40** | **158.00** | **0.38** | **7.48** |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | **93.28** | **97.90** | **97.81** | **-0.09** | **4.86** |
| 4 | നല്ലെണ്ണ | ലിററർ | **161.80** | **222.43** | **221.96** | **-0.21** | **37.18** |
| 5 | കടുക് എണ്ണ | ലിററർ | **137.40** | **140.00** | **138.00** | **-1.43** | **0.44** |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | **95.53** | **100.21** | **99.91** | **-0.30** | **4.58** |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | **93.58** | **96.82** | **97.15** | **0.35** | **3.81** |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | **210.73** | **166.33** | **159.57** | **-4.06** | **-24.28** |



## V.സുഗന്ധ വ്യഞ്ജനങ്ങൾ

അവലോകന മാസമായ ജൂണിൽ ഉള്ളിയുടെ വില മാസാവസാനം കുറയുവാനുള്ള പ്രവണത കാണിച്ചു അതേ സമയം വെളുത്തുള്ളിയുടെ വില തുടർച്ചയായ വർദ്ധനവാണ് കാണിക്കുന്നത്.ജൂലൈ മാസത്തിലും ഉള്ളിയുടെയും വെളുത്തുള്ളിയുടെയും വിലയിൽ കാര്യമായ കുറവിന് സാധ്യത ഇല്ലെന്നാണ് വിപണിയിൽ നിന്നുള്ള സൂചന.

കുരുമുളകിന്റെ വില ഏതാണ്ട് സ്ഥിരമായി നിലകൊണ്ടു.ഇന്ത്യയിൽ കുരുമുളകിന്റെ ഉല്പാദനത്തിൽ കുറവ് റിപ്പോർട്ട് ചെയ്തപ്പോൾ മറ്റ് രാജ്യങ്ങളിൽ ഉല്പാദനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായതായാണ് റിപ്പോർട്ട് അതുകൊണ്ടുതന്നെ വിലയിൽ കാര്യമായ വർദ്ധനവിനുള്ള സാധ്യത നിലനിൽക്കുന്നില്ല.അന്താരാഷ്ട്ര പെപ്പർ അസോസിയേഷൻന്റെ റിപ്പോർട്ട് പ്രകാരം 2019 ൽ കുരുമുളക് ഉല്പാദനത്തിൽ 8 .27 ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത്

മുളകിന്റെ വിലയിൽ നേരിയൊരു വർദ്ധനവ് തുടർന്നു. അന്താരാഷ്ട്ര വിപണിയിൽ നിന്നുള്ള ഡിമാന്റ് വർദ്ധിച്ചതാണ് വിലക്കയറ്റത്തിന് കാരണമെന്നാണ് റിപ്പോർട്ട്. വിലയിൽ കാര്യമായ വർദ്ധനവിനുള്ള സാധ്യതയില്ല. മുളകിന്റെ ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നാണ് ഇതുവരെയുള്ള റിപ്പോർട്ടുകളെല്ലാം സൂചിപ്പിക്കുന്നത്.

| നം | ഇനങ്ങൾ | അളവ് | ജൂൺ 2018 | മെയ് 2019 | ജൂൺ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 85.26 | 100.36 | 101.57 | 1.21 | 19.13 |
| 2 | മുളക് | കിലോഗ്രാം | 125.57 | 127.77 | 130.55 | 2.18 | 3.97 |
| 3 | ഉള്ളി | കിലോഗ്രാം | 49.40 | 51.50 | 61.95 | 20.29 | 25.40 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 162.79 | 145.20 | 143.55 | -1.14 | -11.82 |
| 5 | ജീരകം | 100 ഗ്രാം | 29.39 | 30.09 | 29.82 | -0.90 | 1.46 |
| 6 | കടുക് | 100 ഗ്രാം | 8.81 | 9.16 | 9.29 | 1.42 | 5.45 |
| 7 | ഉലുവ | 100 ഗ്രാം | 9.34 | 9.60 | 9.63 | 0.31 | 3.10 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.46 | 18.95 | 18.96 | 0.05 | 2.71 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 7.33 | 11.14 | 11.88 | 6.64 | 62.07 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 467.00 | 422.11 | 419.27 | -0.67 | -10.22 |



## VI. കിഴങ്ങു വർഗ്ഗങ്ങൾ

കടുത്ത വരൾച്ചയിൽ കർണാടക,തമിഴ്നാട് സംസ്ഥാനങ്ങളിൽ നിന്നുള്ള കാർഷികോല്പാദനത്തിൽ വന്ന കുറവും ആഭ്യന്തര ഉത്പാദനം കുറഞ്ഞതും കാരണം കിഴങ്ങു വർഗ്ഗങ്ങളിൽ കഴിഞ്ഞ മാസങ്ങളിലുണ്ടായ വർദ്ധനവ് നേരിയ തോതിൽ അവലോകന മാസമായ ജൂണിലും തുടർന്നു. എന്നാൽ വർദ്ധനവിന്റെ തോതിൽ കുറവ് വന്നിട്ടുണ്ട്.ഏതാണ്ട് എല്ലാ ഇനങ്ങളുടെ വിലയും അവലോകനമാസത്തിന്റെ അവസാനത്തോടെ കുറവ് രേഖപ്പെടുത്തി.

കേന്ദ്ര കാർഷിക മന്ത്രാലയം പുറത്തുവിട്ട ഹോർട്ടികൾച്ചർ വിളകളുടെ രണ്ടാമത്തെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ കിഴങ്ങു വർഗ്ഗങ്ങളിൽ ഏതാണ്ട് എല്ലാ ഇനങ്ങളുടെയും ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

| നം | ഇനങ്ങൾ | അളവ് | ജൂൺ 2018 | മെയ് 2019 | ജൂൺ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 36.17 | 31.03 | 37.61 | 21.21 | 3.98 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 21.69 | 27.82 | 27.27 | -1.98 | 25.73 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 31.76 | 28.64 | 28.14 | -1.75 | -11.40 |
| 4 | ചേമ്പ് | കിലോഗ്രാം | 60.99 | 67.34 | 69.98 | 3.92 | 14.74 |
| 5 | ബീററൂട്ട് | കിലോഗ്രാം | 36.30 | 38.93 | 41.29 | 6.06 | 13.75 |
| 6 | കാരററ് | കിലോഗ്രാം | 41.31 | 57.50 | 59.88 | 4.14 | 44.95 |



## VII. പച്ചക്കറി ഇനങ്ങൾ

പച്ചക്കറി ഇനങ്ങളിൽ അവലോകന മാസമായ ജൂണിൽ കഴിഞ്ഞ മാസങ്ങളിലുണ്ടായ വില വർദ്ധനവിന്റെ തോതിൽ കുറവ് വന്നിട്ടുണ്ട്. മിക്കവാറു ഇനങ്ങളും മാസാവസാനത്തോടെ കുറയുവാനുള്ള ഒരു പ്രവണത കാണിക്കുന്നുണ്ട്.തക്കാളിയുടെ വിലയിൽ അവലോകന മാസം കാര്യമായ വിലക്കുറവുണ്ടായി കഴിഞ്ഞ മാസങ്ങളിൽ ഏറ്റവും കൂടുതൽ വിലക്കയറ്റമുണ്ടായ സവാള, ബീൻസ്,പച്ച മുളക് ,ഏത്തയ്ക്ക എന്നിവയുടെ വിലയിലും മാസാവസാനം കുറവ് ദൃശ്യമായി. ജൂലൈ മാസത്തിൽ പച്ചക്കറി ഇനങ്ങളിൽ കാര്യമായ വിലക്കയറ്റം പ്രതീക്ഷിക്കുന്നില്ല. മിക്കവാറും ഇനങ്ങളും ചെറിയൊരു ഏറ്റക്കുറച്ചിലോടെ നിലകൊള്ളാനാണ് സാധ്യതയെന്നാണ് വിപണിയിൽ നിന്നുള്ള സൂചന.

കേന്ദ്ര കാർഷിക മന്ത്രാലയം പുറത്തുവിട്ട ഹോർട്ടികൾച്ചർ വിളകളുടെ രണ്ടാമത്തെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പച്ചക്കറി വിളകളുടെ ഉല്പാദനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ 1 .61 ശതമാനത്തിന്റെ വർദ്ധനവ് കാണിക്കുന്നു

| നം | ഇനങ്ങൾ | അളവ് | ജൂൺ 2018 | മെയ് 2019 | ജൂൺ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 20.51 | 20.17 | 24.48 | 21.37 | 19.36 |
| 2 | വഴുതന | കിലോഗ്രാം | 32.61 | 32.16 | 37.43 | 16.39 | 14.78 |
| 3 | മത്തങ്ങ | കിലോഗ്രാം | 20.34 | 28.14 | 28.25 | 0.39 | 38.89 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 20.13 | 20.74 | 24.27 | 17.02 | 20.57 |
| 5 | വെണ്ടക്ക | കിലോഗ്രാം | 30.53 | 34.07 | 39.93 | 17.20 | 30.79 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 61.67 | 86.90 | 89.98 | 3.54 | 45.91 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 45.99 | 52.23 | 52.07 | -0.31 | 13.22 |
| 8 | കാബേജ് | കിലോഗ്രാം | 25.14 | 35.07 | 39.77 | 13.40 | 58.19 |
| 9 | പാവയ്ക്ക | കിലോഗ്രാം | 45.79 | 56.33 | 58.70 | 4.21 | 28.19 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 24.53 | 22.19 | 24.04 | 8.34 | -2.00 |
| 11 | പടവലങ്ങ | കിലോഗ്രാം | 33.79 | 37.70 | 41.36 | 9.71 | 22.40 |
| 12 | തക്കാളി | കിലോഗ്രാം | 24.01 | 46.04 | 39.73 | -13.71 | 65.47 |
| 13 | പച്ചമുളക് | 100 ഗ്രാം | 5.05 | 6.74 | 7.27 | 7.86 | 43.96 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 48.65 | 49.04 | 56.20 | 14.60 | 15.52 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 34.99 | 31.39 | 33.29 | 6.05 | -4.86 |



## VIII. പഴവർഗ്ഗങ്ങൾ

അവലോകനമാസമായ ജൂണിൽ പഴ വർഗ്ഗങ്ങളിൽ മിക്ക ഇനങ്ങൾക്കും വിലക്കയറ്റം തുടർന്നു. റംസാൻ മാസത്തിൽ പഴ വർഗ്ഗങ്ങളുടെ ഉപഭോഗം കൂടുതലായിരുന്നു. കൂടാതെ പഴ വർഗ്ഗങ്ങളുടെ ഉത്പാദനത്തിലും കാര്യമായ കുറവുണ്ടായതായാണ് വിപണിയിൽ നിന്നുള്ള വിവരം.മാസാവസാനം ഏത്തപ്പഴത്തിന്റെ വിലയിൽ വിലക്കുറവിന്റെ പ്രവണത ദൃശ്യമായിരുന്നു. പഴവർഗ്ഗങ്ങളും വിലയിൽ ജൂലൈ മാസത്തിലും കാര്യമായ ഒരു വിലക്കുറവ് പ്രതീക്ഷിക്കുന്നില്ല.

കേന്ദ്ര കാർഷിക മന്ത്രാലയം ഹോർട്ടികൾച്ചർ വിളകളുടെ രണ്ടാമത്തെ എസ്റ്റിമേറ്റ് റിപ്പോർട്ട് പുറത്തുവിട്ടു. മൊത്തം പഴ വർഗ്ഗങ്ങളുടെ ഉത്പാദനം ഏതാണ്ട് കഴിഞ്ഞ വർഷത്തെ അതേ നിലയിൽ തന്നെ തുടരുമെന്നാണ് റിപ്പോർട്ട് നൽകുന്ന സൂചന.

| നം | ഇനങ്ങൾ | അളവ് | ജൂൺ 2018 | മെയ് 2019 | ജൂൺ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | **106.67** | **100.28** | **111.88** | **11.56** | **4.88** |
| 2 | മുസമ്പി | കിലോഗ്രാം | **77.69** | **69.31** | **70.87** | **2.25** | **-8.78** |
| 3 | മാതളം | കിലോഗ്രാം | **119.92** | **96.58** | **99.69** | **3.21** | **-16.87** |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | **130.00** | **168.33** | **175.00** | **3.96** | **34.62** |
| 5 | ഏത്തപ്പഴം | കിലോഗ്രാം | **53.38** | **58.45** | **63.78** | **9.11** | **19.47** |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | **33.11** | **32.76** | **35.17** | **7.38** | **6.22** |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | **46.49** | **49.76** | **58.63** | **17.84** | **26.13** |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | **47.54** | **47.40** | **50.08** | **5.66** | **5.35** |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | **28.41** | **28.34** | **31.08** | **9.66** | **9.37** |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | **59.80** | **69.00** | **55.58** | **-19.45** | **-7.06** |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | **19.90** | **22.97** | **21.80** | **-5.09** | **9.55** |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | **72.62** | **69.73** | **97.85** | **40.32** | **34.75** |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | **86.24** | **88.13** | **96.14** | **9.09** | **11.47** |



## IX. ഭക്ഷ്യേതര വസ്തുക്കൾ

അവലോകന മാസമായ ജൂണിൽ സിമന്റിന്റെയും സ്റ്റീലിന്റെയും വിലയിൽ നേരിയൊരു കുറവ് ദൃശ്യമായിരുന്നു..സിമന്റിന്റെ വില ഏതാണ്ട് 400 രൂപയ്ക്കടുത്ത് തുടരുകയാണ്. ബാക്കി ഇനങ്ങളുടെ വിലയും ഏതാണ്ട് സ്ഥിരത നിലനിർത്തുന്നതാണ് അവലോകനമാസത്തിൽ ദൃശ്യമായത് .ജൂലൈ മാസത്തിലും ഏതാണ്ട് ഇതേ സ്ഥിതി തുടരാനാണ് സാധ്യത എന്നാണ് വിപണിയിൽ നിന്നുള്ള സൂചന

| നം | ഇനങ്ങൾ | അളവ് | ജൂൺ 2018 | മെയ് 2019 | ജൂൺ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 20.29 | 20.00 | 20.00 | 0.00 | -1.43 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 27.94 | 29.60 | 29.77 | 0.57 | 6.55 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 515.43 | 495.00 | 495.00 | 0.00 | -3.96 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 386.75 | 403.14 | 402.68 | -0.11 | 4.12 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 381.63 | 397.43 | 396.96 | -0.12 | 4.02 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 55.49 | 54.15 | 53.63 | -0.96 | -3.35 |



## അനുബന്ധം

### സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്

| നം | ഇനങ്ങൾ | അളവ് | ജൂൺ 2018 | മെയ് 2019 | ജൂൺ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 41.09 | 37.46 | 37.83 | 0.99 | -7.93 |
| 2 | ചമ്പ | കിലോഗ്രാം | 44.00 | 40.20 | 40.00 | -0.50 | -9.09 |
| 3 | റോസ് | കിലോഗ്രാം | 40.96 | 38.27 | 38.54 | 0.71 | -5.91 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 36.50 | 36.64 | 36.69 | 0.14 | 0.52 |
| 5 | ജയ | കിലോഗ്രാം | 37.42 | 35.79 | 35.63 | -0.47 | -4.79 |
| 6 | ഗോതമ്പ് | കിലോഗ്രാം | 32.06 | 34.63 | 34.98 | 1.01 | 9.11 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 90.21 | 91.43 | 93.30 | 2.05 | 3.43 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 90.94 | 93.97 | 95.98 | 2.14 | 5.54 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 84.58 | 93.08 | 95.00 | 2.06 | 12.32 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 79.89 | 88.96 | 92.27 | 3.72 | 15.50 |
| 5 | വൻപയർ | കിലോഗ്രാം | 69.06 | 71.00 | 71.07 | 0.10 | 2.91 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 81.83 | 95.39 | 97.86 | 2.59 | 19.59 |
| 7 | കടല(വലുത്) | കിലോഗ്രാം | 70.34 | 76.67 | 76.00 | -0.87 | 8.05 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 61.88 | 71.95 | 72.22 | 0.38 | 16.71 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 47.53 | 67.45 | 68.33 | 1.30 | 43.76 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 69.82 | 72.12 | 72.23 | 0.15 | 3.46 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 36.46 | 38.07 | 38.02 | -0.13 | 4.28 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 151.38 | 153.75 | 155.38 | 1.06 | 2.64 |
| 3 | ശർക്കര | കിലോഗ്രാം | 53.13 | 52.57 | 51.50 | -2.04 | -3.07 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 58.57 | 54.56 | 57.37 | 5.15 | -2.05 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 535.29 | 568.14 | 570.54 | 0.42 | 6.59 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 123.03 | 123.66 | 126.87 | 2.60 | 3.12 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 148.07 | 147.50 | 147.50 | 0.00 | -0.38 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 161.62 | 161.62 | 161.71 | 0.06 | 0.06 |
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 210.47 | 177.66 | 170.86 | -3.83 | -18.82 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 147.00 | 157.40 | 158.00 | 0.38 | 7.48 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 93.28 | 97.90 | 97.81 | -0.09 | 4.86 |
| 4 | നല്ലെണ്ണ | ലിററർ | 161.80 | 222.43 | 221.96 | -0.21 | 37.18 |
| 5 | കടുക് എണ്ണ | ലിററർ | 137.40 | 140.00 | 138.00 | -1.43 | 0.44 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 95.53 | 100.21 | 99.91 | -0.30 | 4.58 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 93.58 | 96.82 | 97.15 | 0.35 | 3.81 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 210.73 | 166.33 | 159.57 | -4.06 | -24.28 |

| നം | ഇനങ്ങൾ | അളവ് | ജൂൺ 2018 | മെയ് 2019 | ജൂൺ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | 85.26 | 100.36 | 101.57 | 1.21 | 19.13 |
| 2 | മുളക് | കിലോഗ്രാം | 125.57 | 127.77 | 130.55 | 2.18 | 3.97 |
| 3 | ഉള്ളി | കിലോഗ്രാം | 49.40 | 51.50 | 61.95 | 20.29 | 25.40 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 162.79 | 145.20 | 143.55 | -1.14 | -11.82 |
| 5 | ജീരകം | 100 ഗ്രാം | 29.39 | 30.09 | 29.82 | -0.90 | 1.46 |
| 6 | കടുക് | 100 ഗ്രാം | 8.81 | 9.16 | 9.29 | 1.42 | 5.45 |
| 7 | ഉലുവ | 100 ഗ്രാം | 9.34 | 9.60 | 9.63 | 0.31 | 3.10 |
| 8 | മഞ്ഞൾ പൊടി | 100 ഗ്രാം | 18.46 | 18.95 | 18.96 | 0.05 | 2.71 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 7.33 | 11.14 | 11.88 | 6.64 | 62.07 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 467.00 | 422.11 | 419.27 | -0.67 | -10.22 |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 36.17 | 31.03 | 37.61 | 21.21 | 3.98 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 21.69 | 27.82 | 27.27 | -1.98 | 25.73 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 31.76 | 28.64 | 28.14 | -1.75 | -11.40 |
| 4 | ചേമ്പ് | കിലോഗ്രാം | 60.99 | 67.34 | 69.98 | 3.92 | 14.74 |
| 5 | ബീററൂട്ട് | കിലോഗ്രാം | 36.30 | 38.93 | 41.29 | 6.06 | 13.75 |
| 6 | കാരററ് | കിലോഗ്രാം | 41.31 | 57.50 | 59.88 | 4.14 | 44.95 |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 20.51 | 20.17 | 24.48 | 21.37 | 19.36 |
| 2 | വഴുതന | കിലോഗ്രാം | 32.61 | 32.16 | 37.43 | 16.39 | 14.78 |
| 3 | മത്തങ്ങ | കിലോഗ്രാം | 20.34 | 28.14 | 28.25 | 0.39 | 38.89 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 20.13 | 20.74 | 24.27 | 17.02 | 20.57 |
| 5 | വെണ്ടക്ക | കിലോഗ്രാം | 30.53 | 34.07 | 39.93 | 17.20 | 30.79 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 61.67 | 86.90 | 89.98 | 3.54 | 45.91 |
| 7 | വള്ളിപയർ | കിലോഗ്രാം | 45.99 | 52.23 | 52.07 | -0.31 | 13.22 |
| 8 | കാബേജ് | കിലോഗ്രാം | 25.14 | 35.07 | 39.77 | 13.40 | 58.19 |
| 9 | പാവയ്ക്ക | കിലോഗ്രാം | 45.79 | 56.33 | 58.70 | 4.21 | 28.19 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 24.53 | 22.19 | 24.04 | 8.34 | -2.00 |
| 11 | പടവലങ്ങ | കിലോഗ്രാം | 33.79 | 37.70 | 41.36 | 9.71 | 22.40 |
| 12 | തക്കാളി | കിലോഗ്രാം | 24.01 | 46.04 | 39.73 | -13.71 | 65.47 |
| 13 | പച്ചമുളക് | 100 ഗ്രാം | 5.05 | 6.74 | 7.27 | 7.86 | 43.96 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 48.65 | 49.04 | 56.20 | 14.60 | 15.52 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 34.99 | 31.39 | 33.29 | 6.05 | -4.86 |

| നം | ഇനങ്ങൾ | അളവ് | ജൂൺ 2018 | മെയ് 2019 | ജൂൺ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്( നാഗ്പൂർ) | കിലോഗ്രാം | 106.67 | 100.28 | 111.88 | 11.56 | 4.88 |
| 2 | മുസമ്പി | കിലോഗ്രാം | 77.69 | 69.31 | 70.87 | 2.25 | -8.78 |
| 3 | മാതളം | കിലോഗ്രാം | 119.92 | 96.58 | 99.69 | 3.21 | -16.87 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 130.00 | 168.33 | 175.00 | 3.96 | 34.62 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 53.38 | 58.45 | 63.78 | 9.11 | 19.47 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 33.11 | 32.76 | 35.17 | 7.38 | 6.22 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 46.49 | 49.76 | 58.63 | 17.84 | 26.13 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 47.54 | 47.40 | 50.08 | 5.66 | 5.35 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 28.41 | 28.34 | 31.08 | 9.66 | 9.37 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 59.80 | 69.00 | 55.58 | -19.45 | -7.06 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 19.90 | 22.97 | 21.80 | -5.09 | 9.55 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 72.62 | 69.73 | 97.85 | 40.32 | 34.75 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 86.24 | 88.13 | 96.14 | 9.09 | 11.47 |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 20.29 | 20.00 | 20.00 | 0.00 | -1.43 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 27.94 | 29.60 | 29.77 | 0.57 | 6.55 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 515.43 | 495.00 | 495.00 | 0.00 | -3.96 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 386.75 | 403.14 | 402.68 | -0.11 | 4.12 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 381.63 | 397.43 | 396.96 | -0.12 | 4.02 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 55.49 | 54.15 | 53.63 | -0.96 | -3.35 |